## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3317 — 24.02.2016-ലെ മറുപടിക്ക്

### ജയിലുകളിൽ സൗരോർജ്ജ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ ജയിലുകളിൽ സൗരോർജ്ജ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) സൗരോർജ്ജ സംവിധാനം സ്ഥാപിച്ചതുവഴി കെ.എസ്.ഇ.ബി. വൈദ്യുതി ഇല്ലാത്ത സമയങ്ങളിലും ജയിലുകളിൽ വൈദ്യുതി ഉറപ്പുവരുത്തിയതിലൂടെ ജയിൽ സുരക്ഷിതത്വം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ നാം നേരിടുന്ന ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം തേടുന്നതോടൊപ്പം തന്നെ ഇതുപോലുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പ്രകൃതി സൗഹാർദ്ദപരമായ ഊർജ്ജ രൂപങ്ങളിലേക്ക് മാറുകയെന്നതും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി)ജയിൽ വകുപ്പിൽ 13ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി വിവിധ ജയിൽ സ്ഥാപനങ്ങളിലായി 1062.60 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ